# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 194**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

2026 ഒക്ടോബർ 25–ാം തീയതി ഞായറാഴ്ച ക്രിസ്തീയ കുടുംബ പ്രതിഷ്ഠാ ദിനമായി സഭ വേർതിരിച്ചിരിക്കുന്നു. ‘‘കുടുംബം: ബന്ധങ്ങളുടെ ആഘോഷം’’ (Family: Celebration of Relationships) എന്നതാണ് ഈ വർഷത്തെ കുടുംബ പ്രതിഷ്ഠാ ദിനത്തിന്റെ ചിന്താവിഷയം. ദൈവം നമുക്ക് നൽകിയ കുടുംബജീവിതത്തെക്കുറിച്ച് ആഴമായി ചിന്തിക്കാനും, കുടുംബബന്ധങ്ങളിൽ ദൈവിക സ്നേഹവും കരുതലും വളർത്തിയെടുക്കാനും, നമ്മുടെ കുടുംബങ്ങളെ ദൈവസന്നിധിയിൽ പുതുക്കി സമർപ്പിക്കാനും ഈ ദിനാചരണം ഇടയാകട്ടെ.

ഭൂമിയിൽ ദൈവയിഷ്ടം നിറവേറ്റുന്നതിനായി ദൈവം സ്ഥാപിച്ചതാണ് കുടുംബം. ദൈവരാജ്യത്തിന്റെ ഭൂമിയിലെ ചെറിയ പതിപ്പാണ് കുടുംബം. സ്നേഹവും കരുതലും ക്ഷമയും അംഗീകാരവും പരസ്പര ബഹുമാനവും നിറഞ്ഞ ബന്ധങ്ങളാണ് ഒരു കുടുംബത്തെ അർത്ഥപൂർണ്ണമാക്കുന്നത്. സുഖത്തിലും ദുഃഖത്തിലും പരസ്പരം താങ്ങായി നിൽക്കുകയും, ജീവിതത്തിലെ പ്രതിസന്ധികളിൽ ഒരുമിച്ച് പ്രാർത്ഥിക്കുകയും, സന്തോഷങ്ങൾ പരസ്പരം പങ്കുവയ്ക്കുകയും ചെയ്യുന്നിടത്താണ് കുടുംബത്തിന്റെ സൗന്ദര്യം നിലനിൽക്കുന്നത്.

കുടുംബജീവിതം രക്തബന്ധങ്ങളിൽ മാത്രം ഒതുങ്ങുന്നതല്ല. ‘‘ബന്ധങ്ങളുടെ ആഘോഷം’’ എന്നത് നമ്മുടെ വീടിന്റെ നാലു ചുമരുകൾക്കുള്ളിൽ മാത്രം ആഘോഷിക്കപ്പെടേണ്ടതുമല്ല. നമ്മുടെ ചുറ്റുമുള്ള ദൈവജനത്തെ സഹോദരീസഹോദരന്മാരായി കാണുവാനും, ഏകാന്തത അനുഭവിക്കുന്നവരെയും, വിവിധ കാരണങ്ങളാൽ കുടുംബത്തിൽനിന്നും സമൂഹത്തിൽനിന്നും അകന്നുപോയവരെയും നമ്മുടെ സ്നേഹത്തിന്റെയും കരുതലിന്റെയും വലയത്തിലേക്ക് ഉൾപ്പെടുത്തുവാനും നമുക്ക് കഴിയണം. അങ്ങനെ നമ്മുടെ കുടുംബങ്ങളുടെ പരിധി വിശാലമാകുമ്പോൾ ക്രിസ്തുവിന്റെ സ്നേഹം സമൂഹത്തിൽ കൂടുതൽ അനുഭവവേദ്യമാകും.

കുടുംബപ്രാർത്ഥനയ്ക്കും, വിശുദ്ധ വേദപുസ്തക വായനയ്ക്കും, ആരാധനയ്ക്കും കുടുംബ ജീവിതത്തിൽ പ്രാധാന്യം നൽകണം. ദൈവവചനത്തിൽ അധിഷ്ഠിതമായ കുടുംബങ്ങൾ മാത്രമേ സ്നേഹത്തിന്റെയും നീതിയുടെയും സമാധാനത്തിന്റെയും മൂല്യങ്ങൾ അടുത്ത തലമുറയ്ക്ക് പകർന്നുനൽകുകയുള്ളൂ. അതോടൊപ്പം, കുടുംബത്തിന്റെ അനുഗ്രഹങ്ങൾ മറ്റുള്ളവരുമായി പങ്കിടുവാനും, ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുവാനും, സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്കായി ഒരുമിച്ച് പ്രവർത്തിക്കുവാനും ഓരോ കുടുംബവും തയ്യാറാകണം.

ഒക്ടോബർ 25–ാം തീയതി ഞായറാഴ്ച കുടുംബസമേതം വിശുദ്ധ കുർബാനയിൽ പങ്കെടുക്കുകയും, കുടുംബ ജീവിതത്തെ ദൈവസന്നിധിയിൽ പുതുക്കി സമർപ്പിക്കുകയും ചെയ്യണമെന്ന് താൽപ്പര്യപ്പെടുന്നു. അന്നേദിവസത്തെ ആരാധനയിലും കുടുംബ പ്രതിഷ്ഠാ ദിനാചരണങ്ങളിലും എല്ലാ കുടുംബങ്ങളും സജീവമായി പങ്കു ചേരണം. നമ്മുടെ വീടുകൾ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ക്ഷമയുടെയും കരുതലിന്റെയും ഇടങ്ങളായിത്തീരുകയും, നമ്മുടെ കുടുംബങ്ങൾ ദൈവരാജ്യത്തിന്റെ സാക്ഷികളായിത്തീരുകയും ചെയ്യട്ടെ. ‘‘ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും’’ (യോശുവ 24:15) എന്ന ദൈവവചനം നമ്മുടെ കുടുംബജീവിതത്തിന്റെ മാർഗദീപമാകട്ടെ. കുടുംബം ബന്ധങ്ങളുടെ ആഘോഷമാകട്ടെ; ബന്ധങ്ങൾ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ സാക്ഷ്യമാകട്ടെ.

നമ്മുടെ കർത്താവേശു മ്ശിഹായുടെ കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ

എന്ന് ക്രിസ്താബ്ദം 2026 ഒക്ടോബർ മാസം 05–ാം തീയതി തിരുവല്ല പുലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 194**

*Blessings to all the Vicars, resident clergy, trustees*
*and members of all the parishes under our authority.*

Dearly beloved in Christ,

The Church has set apart Sunday, October 25, 2026, as the Christian Family Dedication Day. The theme of this year's Family Sunday is ‘Family: Celebration of Relationships’. May this day provide us with an opportunity to reflect deeply on the family life that God has graciously given us, to nurture divine love and care in our family relationships, and to renew our dedication of our families before the presence of God.

The family is an institution established by God to fulfil His will on earth. It is a small reflection of the Kingdom of God here on earth. Relationships filled with love, care, patience, acceptance, and mutual respect make a family truly meaningful. The beauty of family life is sustained when family members support one another in times of joy and sorrow, pray together during the challenges of life, and share their happiness with one another.

Family life is not confined to blood relationships alone. The theme, *“A Celebration of Relationships”* should not be celebrated merely within the four walls of our homes. We must learn to recognize the people of God around us as our brothers and sisters and extend the circle of our love and care to those who experience loneliness and those who, for various reasons, have become distanced from their families and society. As the boundaries of our families expand in this manner, the love of Christ will become more tangible in our society.

Family prayer, the reading of the Holy Bible, and worship must be given due importance in family life. Only families rooted in the Word of God can pass on the values of love, justice, and peace to the next generation. At the same time, every family must be willing to share its blessings with others, help those in need, and work together for the welfare of the Church and Society.

All families are encouraged to participate in the Holy Communion together on Sunday, 25 October, and renew their dedication of family life before the presence of God. Every family is requested to participate actively in the worship service and the observances of Family Dedication Day. May our homes become places of love, peace, patience, and care, and may our families become witnesses to the Kingdom of God. May the Word of God, *“But as for me and my household, we will serve the Lord”* (Joshua 24:15), be the guiding light of our family life. May the family be a celebration of relationships, and may our relationships become a testimony to the love of Christ.

May God’s grace be with you all

Dated 05th October 2026 from Poolatheen, Thiruvalla

**Dr. Theodosius Mar Thoma Metropolitan.**

വസ്തു-ധനതർക്കങ്ങളുടെ പേരിൽ രമ്യതയിലല്ലാതിരിക്കുന്ന സഹോദര ഭവനങ്ങൾ, അയൽക്കാർ, അന്യോന്യം മനസ്സിലാക്കുവാൻ കഴിയാതെ പോകുന്ന തലമുറകൾ, ദുർവ്യയം ചെയ്യുന്ന കുടുംബാംഗങ്ങൾ, എന്നിവരുടെ സൗഖ്യത്തിനും, രൂപാന്തരത്തിനും, അനുരഞ്ജനത്തിനും അവരുടെ ശാക്തീകരണത്തിനുമായി നിർവഹിക്കപ്പെടുന്ന എല്ലാ ശുശ്രൂഷകൾക്കായും, സ്ഥാപനങ്ങൾക്കായും പ്രാർത്ഥിക്കാം.

**പ്രതിവാക്യം. ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

3. മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്കായും അതിൽ ഉൾപ്പെട്ടിരിക്കുന്ന എല്ലാ കുടുംബങ്ങൾക്കായും പ്രാർത്ഥിക്കാം.

**പ്രതിവാക്യം. ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

## സമർപ്പണ പ്രാർത്ഥന

പ: കുടുംബ സ്രഷ്ടാവായ ത്രിയേക ദൈവമേ, കമ്പോള കേന്ദ്രീകൃത ലോകത്തിൽ, ക്രിസ്തു കേന്ദ്രീകൃത ഭവനങ്ങൾ കെട്ടുപണി ചെയ്യുന്നതിനും, വചനം കൊണ്ടൊരു കൂടായി അതു വളരുന്നതിനും, ഗാർഹികസഭയായി പരിണമിക്കുന്നതിനും ഞങ്ങളെയും ഞങ്ങളുടെ കുടുംബങ്ങളെയും സമർപ്പിക്കുന്നു. ദൈവമായ കർത്താവേ, നീ സ്ഥാപിച്ച കുടുംബത്തിൽ, നിന്റെ ക്രൂശിലൂടെ വെളിപ്പെടുത്തിയ അതിശയകരമായ സ്നേഹം ഞങ്ങളുടെ കുടുംബ ബന്ധങ്ങളിൽ അനുഭവിക്കുന്നതിനും, പരിശുദ്ധാത്മാവിന്റെ വ്യാപാരത്താൽ അതു ചുറ്റുപാടുകളിലേക്കു പകരുന്നതിനും, തിരുസഭയുടെ ഭാഗമായ മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ സുവിശേഷ, സാമൂഹ്യ ദൗത്യത്തിൽ പങ്കുകാരാകുന്നതിനും ദൈവരാജ്യത്തിനു സാക്ഷ്യം വഹിച്ച് ത്രിത്വകുടുംബത്തിന്റെ ഛായ പ്രതിഫലിപ്പിക്കുന്നതിനും ഞങ്ങളെ സമർപ്പിക്കുന്നു. ഞങ്ങളുടെ സമർപ്പണത്തെ സ്വീകരിച്ച്, തണ്ടിന്മേൽ വെച്ച വിളക്കുപോലെ പ്രകാശിക്കുന്നതിന് ഞങ്ങളെ കുടുംബങ്ങളായി ഉപയോഗിക്കണമേ. രാജ്യവും ശക്തിയും മഹത്വവും എല്ലായ്പ്പോഴും നിനക്കു തന്നെ ആയിരിക്കുകയും ചെയ്യുമാറാകണമേ.

ജ: **ആമേൻ**

# മലങ്കര മാർത്തോമ്മാ സുറിയാനി സഭ
# കുടുംബ പ്രതിഷ്ഠാ ദിനം
## 2026 ഒക്ടോബർ 25
## ആരാധനക്രമം

(മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടെ പ്രസിദ്ധീകരിക്കുന്നത്)

## ആരാധനാഹ്വാനം

*'വരുവിൻ, സകല കുടുംബത്തിനും പേർ വരുവാൻ കാരണമായ ദൈവത്തെ ആരാധിക്കാം. ദൈവീക ദാനമായ കുടുംബത്തിലൂടെ അനുഗ്രഹീതരാകാം'*

**പാട്ട്**
**കൗമാ**

## പ്രാരംഭ പ്രാർത്ഥന

പ: ത്രിത്വ ദൈവമേ, നീ സകല സൃഷ്ടിയെയും ഒരു കുടുംബമായും, മാനവകുടുംബത്തെ അതിന്റെ ഉച്ചാവസ്ഥയായും സൃഷ്ടിച്ചുവല്ലോ. നിന്റെ ഛായയിൽ ഞങ്ങളെ സൃഷ്ടിക്കുകയും, ദൈവീക കുടുംബത്തിന്റെ ഒരുമയും, ഏകതയും, പരസ്പരികതയും അടയാളപ്പെടുത്തുവാൻ മനുഷ്യകുടുംബങ്ങൾക്ക് നിയോഗം നൽകുകയും ചെയ്തിരിക്കുന്നുവല്ലോ. പിതാവായ ദൈവത്തിന്റെ സ്നേഹവും, ഏകപുത്രന്റെ കൃപയും, പരിശുദ്ധാത്മാവിന്റെ സംസർഗ്ഗവും സഹവാസവും ഞങ്ങളുടെ കുടുംബങ്ങളുടെ അടിത്തറയായിത്തീരുവാൻ ഞങ്ങൾക്ക് കൃപനൽകണമേ. വരുവാനുള്ള സ്വർഗ്ഗീയ കുടുംബത്തിന്റെ വിരുന്നുശാലയിലേക്കുള്ള ക്ഷണം സ്വീകരിച്ച്, സ്വർഗ്ഗീയ ഭവനത്തിന്റെ ഭൗമികസാക്ഷ്യങ്ങളായി ഇക്കാലത്ത് ജീവിപ്പാൻ ഞങ്ങളെ അനുഗ്രഹിക്കേണമേ. കർത്താവിന്റെ നാമം ഞങ്ങളുടെമേൽ വിളിക്കപ്പെട്ടിരിക്കയാൽ ഞങ്ങൾ സന്തോഷിച്ച്, സ്തുതിപാടി, തിരുഹിത നിവൃത്തിക്കായി സമർപ്പിക്കുവാൻ ഈ ആരാധന മുഖാന്തരമാകണമേ. ക്രിസ്തുയേശുവിന്റെ നാമത്തിൽ അപേക്ഷിക്കുന്നു, കൃപയോടെ കേട്ടുത്തരം അരുളുമാറാകണമേ.
ജ: **ആമേൻ**

## അനുതാപ പ്രാർത്ഥന

*തുടർന്നുള്ള അനുതാപ പ്രാർത്ഥനകൾക്ക് പ്രതിവാക്യമായി **'ഞങ്ങളോട് ക്ഷമിക്കേണമേ'** എന്ന് പ്രാർത്ഥിക്കാം.*

1. സൃഷ്ടി എന്ന വിശാലകുടുംബത്തിന്റെ ഭാഗമാണ് മാനവകുടുംബം എന്നും, ഉപാധികളില്ലാതെ സ്നേഹിക്കുകയും, കണക്കുനോക്കാതെ

ക്ഷമിക്കുകയും ചെയ്യുന്നതാണ് കുടുംബജീവിതത്തിന്റെ ദൈവീകഭാവം എന്നും അറിഞ്ഞിട്ടും സൃഷ്ടിയുടെ മേൽ, ദൈവഹിതത്തിന് വിരുദ്ധ മായി, അതിക്രമവും ആർത്തിയും കാണിക്കുകയും ക്ഷമിച്ചിട്ടും മറക്കാ തെയും, കണക്കുപറഞ്ഞ് പോരടിക്കുകയും ചെയ്തുപോകുന്ന കുറവി നെ ദൈവമേ...

**പ്രതിവാക്യം. *ഞങ്ങളോട് ക്ഷമിക്കേണമേ.***

2. ബന്ധങ്ങളുടെ ആഘോഷമാണ് കുടുംബം എന്നറിഞ്ഞിട്ടും കൂടിവരുവാ നുള്ള കമ്പവും, കൂടിവരുമ്പോഴുള്ള ഇമ്പവും നഷ്ടപ്പെടുത്തുകയും അയൽപക്കക്കാരുടെ നന്മയ്ക്കായി ത്യാഗം ഏറ്റെടുക്കാനുള്ള വൈമന സ്യം വഴി ഞങ്ങളുടെ കുടുംബങ്ങളെ സ്വയം സംരക്ഷിത കോട്ടകളാക്കി മാറ്റിയ കുറവിനെ, ദൈവമേ...

**പ്രതിവാക്യം. *ഞങ്ങളോട് ക്ഷമിക്കേണമേ.***

3. പങ്കിടലിന്റെയും സഹവർത്തിത്വത്തിന്റെയും മൂല്യങ്ങളെ മറക്കുകയും, തോറ്റവരെയും, രോഗികളെയും, ബലംകുറഞ്ഞവരെയും, വരുമാനം ഇല്ലാത്തവരെയും ചേർത്തുപിടിക്കുന്ന ഇടമായി ഭവനത്തെ രൂപപ്പെടു ത്താതിരിക്കുകയും, ആഡംബരവും, ആസക്തികളും, അതിക്രമവും ഭവനങ്ങളിൽ പ്രവേശിക്കുവാൻ വഴിതുറക്കുകയും ദരിദ്രർ, പരദേശികൾ, അനാഥർ എന്നിവരെ പരിഗണിക്കാതിരിക്കുകയും ചെയ്ത കുറവിനെ, ദൈവമേ...

**പ്രതിവാക്യം. *ഞങ്ങളോട് ക്ഷമിക്കേണമേ.***

## സ്തോത്ര പ്രാർത്ഥന

*'വാക്കിനാലോ, ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്യുകയും അവൻ മുഖാന്തരം പിതാവായ ദൈവത്തിനു സ്തോത്രം പറഞ്ഞും കൊണ്ടിരിപ്പിൻ.'*

തുടർന്നുള്ള സ്തോത്രപ്രാർത്ഥനകൾക്ക് പ്രതിവാക്യമായി, **'ദൈവമേ, ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു'** എന്ന് പ്രാർത്ഥിക്കാം.

1. ദൈവഹിതം തിരിച്ചറിഞ്ഞ് ജീവിക്കുന്നവർ ദൈവീക ഭവനക്കാരാണെ ന്നും യേശുക്രിസ്തുവിന്റെ സഹോദരങ്ങളാണ് എന്നുമുള്ള സുവിശേഷ ദർശനത്തിനായി...

**പ്രതിവാക്യം. ദൈവമേ, ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.**

2. വിശ്വാസ പാരമ്പര്യവും ക്രിസ്തീയ സാക്ഷ്യവും തലമുറകളിലൂടെ പകർന്നു തന്ന പൂർവികർക്കായും, ഈ തലമുറയിലും കുടുംബത്തെ വിശ്വാസത്തിന്റെ മൂശയാക്കി മാറ്റുന്നവർക്കായും, ഭവനത്തെ ഗാർഹിക സഭയായി രൂപപ്പെടുത്തി കുടുംബാരാധനയും, വചനധ്യാനവും, പ്രാർ ത്ഥനയും ശീലമാക്കുകയും മുറതെറ്റാതെ പരിപോഷിപ്പിക്കുകയും, ഇളംതലമുറയ്ക്ക് വിശ്വാസ വെളിച്ചം പകരുകയും ചെയ്യുന്ന കുടുംബ ങ്ങൾക്കായും...

**പ്രതിവാക്യം. ദൈവമേ, ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു.**

3. കുടുംബജീവിതം ദൈവീകനിയോഗവും, ദൈവീകസൃഷ്ടിയിലുള്ള പങ്കു ചേരലുമാണെന്നു തിരിച്ചറിഞ്ഞു ക്രിസ്തീയ വിവാഹത്തിനായി താല്പ ര്യപ്പെടുകയും, അതിനായി ഒരുങ്ങുകയും ചെയ്യുന്ന യുവതീ യുവാക്ക ന്മാർക്കായും...

**പ്രതിവാക്യം. ദൈവമേ, ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു**

## മദ്ധ്യസ്ഥ പ്രാർത്ഥന

*'സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. ഞാൻ എന്റെ ജനത്തെ ഉദയദേശത്തുനിന്നും അസ്തമയദേശത്തുനിന്നും രക്ഷിക്കും.'*

തുടർന്നുള്ള പ്രാർത്ഥനകൾക്കു പ്രതിവാക്യമായി, **'ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ'** എന്നപേക്ഷിക്കാം.

1. ശ്രേഷ്ഠ നടപടികളാകുന്ന മാധുര്യവും ബന്ധങ്ങളുടെ പരിമളവും വീശു വാനും, സത്യസ്നേഹവും, നിരപ്പും, സമാധാനവും, ഭിന്നിച്ചു പോകാത്ത ഐക്യമത്യവും നമ്മുടെ കുടുംബങ്ങളിൽ ഉണ്ടാകുവാനും സകലജനത കളെയും ദൈവമായ കർത്താവിലേക്ക് ആകർഷിക്കുവാനുള്ള ദൈവ കൃപ നമ്മുടെ കുടുംബങ്ങളിൽ പകരുവാനുമായി പ്രാർത്ഥിക്കാം.

**പ്രതിവാക്യം. ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.**

2. തീരാരോഗത്താലും, മാറാവ്യാധികളാലും വലയുന്നവർ, തൊഴിൽരഹി തർ, മദ്യത്തിനും മയക്കുമരുന്നിനും, നവമാധ്യമങ്ങൾക്കും അടിമപ്പെട്ടു പോയവർ, വിവാഹബന്ധത്തിൽ സ്വരചേർച്ചയില്ലാതെ കഴിയുന്നവർ, വൈധവ്യം അനുഭവിക്കുന്നവർ, അനാഥർ, പരാശ്രിതർ, പീഡനങ്ങൾക്ക് ഇരയായവർ, വിവാഹമോചിതർ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡേഴ്സ്,